ശ്രീ. എ. എ. റഹിം: സമ്മർദ്ദത്തിന്റെ പേരിൽ സമ്മർദ്ദത്തിനു വിധേയമാകാതിരിക്കാൻ കഴിയുമോ? നിയമത്തിന്റെ പേരിൽ നടത്തേണ്ടി വരും.

ശ്രീ. പി. എസ്. ശ്രീനിവാസൻ: എല്ലാ കാര്യങ്ങളും കൂട്ടായി ആലോചിച്ച് തീരുമാനമെടുക്കാം.

ശ്രീ. പി. പി. എസ്തോസ്: ഫോറസ്റ്റിലുള്ള മുളയും തടിയുമെല്ലാം നിരന്തരമായി കടത്തിക്കൊണ്ടുപോകുന്നു എന്നുള്ളത് പരമാർത്ഥമാണ്. വണ്ണാപ്പുറത്തെ കേസും ഇതുമായി ബന്ധപ്പെട്ടതാണ്. ഇതു തടയാൻ ബാധ്യതപ്പെട്ട ഫോറസ്റ്റുദ്യോഗസ്ഥൻമാർ സഹായിക്കുന്നു. പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഈ പ്രദേശത്തെ തടികയും വെട്ടിക്കൊണ്ടുപോകുന്നുവെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? അതിനെതിരായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ശ്രദ്ധയിൽപെടുത്തിയാൽ നടപടി സ്വീകരിക്കാം. വണ്ണാപ്പുറത്ത് സംഭവം ശ്രദ്ധയിൽപെട്ട അവസരത്തിൽ ആവശ്യമായ നടപടി സ്വീകരിച്ചു. ഉദ്യോഗസ്ഥൻമാർക്ക് തടി സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(ചോദ്യം 739 ചോദിച്ചില്ല)

സഹകരണമേഖലയിലെ വ്യവസായ യൂണിറ്റുകൾ

*682 [740] ശ്രീ. പി. ബാലൻ:
,, എൻ. ഐ. ദേവസ്സിക്കുട്ടി:
,, ജി. പി. മംഗലത്തുമഠം:
,, എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സഹകരണമേഖലയിൽ ആരംഭിച്ചിട്ടുള്ള എത്ര വ്യവസായ യൂണിറ്റുകൾ ഇന്ന് പ്രവർത്തന രഹിതമായിത്തീർന്നിട്ടുണ്ട്;

(ബി) ഈ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ ഗവൺമെന്റിന് ഒട്ടാകെ എത്ര സംഖ്യ മൂലധനമെന്ന നിലയിലും മറ്റുനിലയ്ക്കിലും ചെലവായിട്ടുണ്ട്;

(സി) ഈ യൂണിറ്റുകളെ വീണ്ടും പ്രവർത്തനക്ഷമമാക്കുവാൻ ഗവൺമെന്റിന് എന്തെങ്കിലും പരിപാടിയുണ്ടോ?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): (എ, ബി, സി,) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: കേരളത്തിൽ സഹകരണ മേഖലയിൽ സ്ഥാപിച്ചിട്ടുള്ള നിരവധി വ്യവസായ യൂണിറ്റുകൾ ഇന്ന് മൂലധനത്തിന്റെ അഭാവം മൂലവും മറ്റ്, പ്രോൽസാഹനക്കുറവ് മൂലവും പ്രവർത്തനരഹിതമായിട്ടുണ്ട്. അവയെല്ലാം പുനരുദ്ധരിക്കുന്നതിന് ഒരു പരിപാടി ഗവൺമെന്റ് തയ്യാറാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. ശ്രീനിവാസൻ: തയ്യാറാക്കാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: എൻ. ഇ. എസ്. ബ്ലോക്കിന്റെ ആഭിമുഖ്യത്തിലും അല്ലാതെയും ആരംഭിച്ച പല വ്യവസായ യൂണിറ്റുകൾക്കും ആവശ്യത്തിനുള്ള മൂലധനം കൊടുക്കാതെ പ്രവർത്തന മൂലധനമെന്ന് പറഞ്ഞ് കുറച്ച് പണം കൊടുത്തു. ആവശ്യമുള്ള ക്യാപ്പിറ്റൽ ഇല്ലാത്തതുകൊണ്ട് അവർക്ക് ബാങ്ക് ലോൺ ഉപയോഗിച്ച് പ്രവർത്തനം നടത്താൻ സാധിക്കാതെയുമിരിക്കുന്നുണ്ട്. കയറിനും കൈത്തറിക്കും ചെയ്തതുപോലെ ഗവൺമെന്റ് അനുകൊടുത്ത വർക്കിംഗ് ക്യാപ്പിറ്റൽ ലോൺ ഷെയർ ക്യാപ്പിറ്റലായി കൺവെർട്ട് ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിന് തയ്യാറാകുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: പരിഗണിക്കാം.

ശ്രീ. ആർ. എസ്. ഉണ്ണി: സഹകരണ ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ രജിസ്റ്റർ ചെയ്യുന്ന സഹകരണസംഘങ്ങളുടെ ഷെയർ പാർട്ടിസിപ്പേഷൻ പരിധി ഒരുലക്ഷം രൂപയാണ്. വ്യവസായ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ രജിസ്റ്റർ ചെയ്യുന്ന വ്യവസായ സഹകരണസംഘങ്ങളുടെ ഷെയർ പാർട്ടിസിപ്പേഷന്റെ പരിധി 50,000 രൂപയായി നിശ്ചയിച്ചിരിക്കുന്നു എന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? ഈ വിവേചനം എന്തിനാണ്? പ്രവർത്തിക്കാൻ സാദ്ധ്യതയുള്ള സംഘങ്ങൾക്ക് നൽകുന്ന ഷെയർ പാർട്ടിസിപ്പേഷന്റെ പരിധി എടുത്തുകളയാൻ ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: തീരെ പരിധി ഇല്ലാതാക്കാമോയെന്ന് പറയാൻ പറ്റുകയില്ല. വിവേചനം അവസാനിപ്പിക്കുന്നതിന് ശ്രമിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നിർദ്ദേശം ആലോചിക്കുന്നതാണ്.

ശ്രീ.കെ. പി. നൂറുദ്ദീൻ; സഹകരണവ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിനുവേണ്ടി ആയിരക്കണക്കിനുരൂപ നാട്ടുകാരിൽനിന്ന് ഷെയർ ക്യാപ്പിറ്റലുണ്ടാക്കിയിട്ടുണ്ട്. ഗവൺമെന്റ്, സ്ഥലമെടുക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും സാമ്പത്തികസഹായം ചെയ്തുകൊടുത്തു. പ്രവർത്തനമൂലധനം ഇല്ലാത്തതിന്റെ ഫലമായി കോടിക്കണക്കായി പൂട്ടിക്കിടക്കുന്ന വ്യവസായ യൂണിറ്റ് തുറന്ന് പ്രവർത്തിപ്പിക്കുവാനാവശ്യമായ പ്രവർത്തനമൂലധനം നൽകുന്നതിന് തയ്യാറാകുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഏത് വ്യവസായശാലയാണ് പൂട്ടിക്കിടക്കുന്നത് എന്നും എങ്ങനെ പുനരുദ്ധരിക്കാൻ കഴിയുമെന്നുമുള്ള നിർദ്ദേശം വയ്ക്കുകയാണെങ്കിൽ പരിഗണിക്കുന്നതും നടപടി സ്വീകരിക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly